# PATTOM THANUPILLAI MEMORIAL VOCATIONAL HIGHER SECONDARY SCHOOL

*Preparing students for life*

**MARUTHOORKONAM**
Kottukal.P.O., Trivandrum - 695 501

Email : ptmvhssmaruthoorkonam@gmail.com
Phone No: 0471-2266677, 04712266823



# സ്മൃതി

## School Magazine 2019-20

# സ്മൃതി

S M R I T H I

## SCHOOL MAGAZINE 2019

LITTLE KITES

# PATTOM THANUPILLAI MEMORIAL VOCATIONAL HIGHER SECONDARY SCHOOL

MARUTHOORKONAM
BALARAMAPURAM (Via), KOTTUKAL P.O.
THIRUVANANTHAPURAM - 695 501
Phone : 0471-2266677, 2266823
E-mail : ptmvhssmaruthoorkonam@gmail.com



# Kottukal K. Damodharan Pillai

*"Words are few, thoughts are deep. Memories of you will always keep...."*

A great soul serves everyone all the time. A great soul never dies. It brings us together again and again. Kottukal Damodharan Pillai a great soul who optimized hard work, dedication and determination was our founder manager. An educationist par excellence, his spirit of selfless service and single minded devotion make him an inspiring role model and we hope to live upto his values. Deeply cherishing your lasting legacy,

**Management, Staff & Students**

**M. VINCENT**
(KOVALAM)
MEMBER
KERALA LEGISLATIVE ASSEMBLY
VATTAVILAKOM
R. C. STREET
BALARAMAPURAM

PHONE :
OFFICE : 0471-2512365
MOBILE : 9847346077
NILA BLOCK-9,
M. L. A. HOSTEL,
THIRUVANANTHAPURAM

CAMP തിരുവനന്തപുരം

DATE 23.10.2019

# ആശംസ

ശ്രീ.കോട്ടുകാൽ .കെ .ദാമോദരൻപിള്ളയുടെ സ്മരണാർത്ഥം ഒരു വാർഷിക സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.കോട്ടുകാൽ സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപക സെക്രട്ടറിയും ,1976 ൽ മരുതൂർക്കോണം **PTM VHSS** ന്റെ സ്ഥാപകനും മാനേജർ ആയും, രാഷ്ട്രീയ,സാമൂഹിക ,സാംസ്കാരിക , സഹകരണ രംഗങ്ങളിൽ നിറസാന്നിധ്യമായിരുന്ന അദ്ദേഹത്തിന്റെ സേവനങ്ങൾ വിസ്മരിക്കാവുന്നതല്ല.ഈ അവസരത്തിൽ അദ്ദേഹത്തെ സ്മരിക്കുന്നതിനു വേണ്ടിയുള്ള ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

എം.വിൻസെന്റ് എംഎൽഎ



## PATTOM THANUPILLAI MEMORIAL VOCATIONAL HIGHER SECONDARY SCHOOL
**MARUTHOORKONAM**

BALARAMAPURAM (Via), KOTTUKAL P.O., THIRUVANANTHAPURAM - 695 501


Phone : 0471-2266677, 2266823

E-mail : ptmvhssmaruthoorkonam@gmail.com


# സന്ദേശം

1976 മുതൽ വളരെ നല്ല നിലയിൽ കോട്ടുകാൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മരുതൂർക്കോണം പട്ടം താണുപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഒരു മാഗസിൻ പ്രിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. പാഠ്യ പ്രവർത്തനങ്ങൾ പോലെ തന്നെ പ്രധാനമാണ് അവരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളും. അതിനൊരു വേദിയായി ഈ മാഗസിൻ മാറട്ടെ.

സ്കൂൾ മാഗസിൻ യാഥാർത്ഥ്യമാക്കുന്നതിനായി പ്രവർത്തിച്ച പ്രിൻസിപ്പലിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പൂർവ്വ വിദ്യാർത്ഥി കൂടിയായ എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.



**നാസർ എസ്.**
പിടിഎ പ്രസിഡന്റ്

## PATTOM THANUPILLAI MEMORIAL
## VOCATIONAL HIGHER SECONDARY SCHOOL
### MARUTHOORKONAM

BALARAMAPURAM (Via), KOTTUKAL P.O., THIRUVANANTHAPURAM - 695 501

Phone : 0471-2266677, 2266823

E-mail : ptmvhssmaruthoorkonam@gmail.com


# സന്ദേശം

കോട്ടുകാൽ പഞ്ചായത്തിലെ മരുതൂർക്കോണം പ്രദേശത്ത് വിദ്യാ കിരണം ചൊരിഞ്ഞുകൊണ്ട് പരിലസിക്കുന്ന പി.ടി.എം.വി.എച്ച്. എസ്.എസ് മരുതൂർക്കോണം സ്ഥാപക മാനേജർ ശ്രീ. കോട്ടുകാൽ ദാമോദരൻപിള്ള കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ഒക്ടോബർ 31 ആണ് സ്കൂൾ മാഗസിൻ പ്രകാശനദിനമായി തെരഞ്ഞെടുത്തത്. സ്കൂൾ മാഗസിനുവേണ്ടി എല്ലാ ആശംസകളും നേരുന്നു.

**ആർ. ശ്രീകുമാരി**

ടീച്ചർ-ഇൻ-ചാർജ്ജ്



# PATTOM THANUPILLAI MEMORIAL
# VOCATIONAL HIGHER SECONDARY SCHOOL
## MARUTHOORKONAM

BALARAMAPURAM (Via), KOTTUKAL P.O., THIRUVANANTHAPURAM - 695 501
Phone : 0471-2266677, 2266823
E-mail : ptmvhssmaruthoorkonam@gmail.com


## *Message*

"Success comes to those who work hard and stays with those who don't rest on the laurels of the past"

We at PTM VHSS Maruthoorkonam work at implementing a well balance curriculum to ensure that the children who walk into our school will not just love their school years, but truly be prepared to face life's challenges. 'To prepare students for life' is the teaching vision of our school.

A committed and supportive management, dedicated teachers, caring and co-operative parents, blend harmoniously to create a child centric school. Team work is the hallmark of PTM VHSS. I am very sure through collaborative efforts we can achieve more to benefit our students, who are the future leaders of tomorrow. I believe that this magazine would enable us to achieve this goal.

With sincere and warm regards



**Shabu V.S.**
Principal

# കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ആഫീസ്

കോട്ടുകാൽ പി.ഒ., തിരുവനന്തപുരം - 695501
ഫോൺ : 0471-2268236



**സജി. റ്റി.**
*(പ്രസിഡന്റ്)*
മണ്ണക്കല്ല് വാർഡ് III

## സന്ദേശം

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ പ്രമുഖ വിദ്യാലയമായ മരുതൂർക്കോണം പട്ടം താണുപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഈ വർഷം മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം ഉണ്ട്. വിദ്യാലയ ജീവിതത്തിലെ ദീപ്തസ്മരണകളും വിദ്യാർത്ഥികളിലെ സർഗാത്മകമായ കഴിവുകളും കോർത്തിണക്കി സർഗ്ഗസൃഷ്ടികളുടെ സചിത്രരേഖയായി ഈ വർഷത്തെ മാഗസിൻ മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.

മാഗസിനും അതിന്റെ അണിയറ പ്രവർത്തകർക്കും അധ്യാപകർക്കും സ്കൂൾ മാനേജ്മെന്റിനും കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

Saji. T.

**SAJI. T**
PRESIDENT
KOTUKAL GRAMA PANCHAYATH

പ്ലാവിള പുത്തൻവീട്, കണ്ണറവിള, നെല്ലിമൂട് പി.ഒ., ഫോൺ : 9496040646



*Our Staff*

# അഭിനന്ദനങ്ങൾ.....

## S.S.L.C. TOP SCORES



ARCHANA



DEVIKA SHYJU

## V.H.S.E TOPPERS




NEHA N. SHAJ
Travel & Tourism




ABIJITH LAL
ABFS




RENJITH
ABFS




KARTHIKA K.S.
ABFS




ARYA. R.
ECG & AMT

# പി.റ്റി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾ


എസ്. നാസർ
പ്രസിഡന്റ്


കോട്ടുകാൽ ശ്യാമപ്രസാദ്
വൈസ് പ്രസിഡന്റ്


ശ്രീദേവി ഒ.എസ്.
മദർ പി.റ്റി.എ. പ്രസിഡന്റ്


വിൻസ്റ്റൺ ജന്നിഫർ
മെമ്പർ


അരുണ സി.
മെമ്പർ


കവിത വി.
മെമ്പർ


ബിബിനറ്റ് രാജ് എസ്.എൽ.
മെമ്പർ


ഷീജ എൻ.
മെമ്പർ


ശ്രീകുമാരൻ നായർ
മെമ്പർ


ഡോ. സജു വി.
മെമ്പർ (സ്റ്റാഫ് സെക്രട്ടറി)


പ്രദീപ്കുമാർ ജി.ഐ.
മെമ്പർ (സ്റ്റാഫ് സെക്രട്ടറി)


ഇഗ്നേഷ്യസ് റോച്ച് ജി.
മെമ്പർ


പ്രീത എച്ച്.എൽ.
മെമ്പർ


സുഗന്ധി ജി. എസ്.
മെമ്പർ


ഉഷാകുമാരി ഡി.
മെമ്പർ

# സ്കൂൾ പാർലമെന്റ് അംഗങ്ങൾ



അഞ്ജന എസ്. ജയൻ
ചെയർപേഴ്സൺ



ഗോപിക ജി.
വൈസ് ചെയർപേഴ്സൺ



കൃഷ്ണ എസ്. പ്രസാദ്
സെക്രട്ടറി



എബി വൈ.എസ്.
ജോയിന്റ് സെക്രട്ടറി



വിജിത എസ്. വിജയൻ
കലാവേദി സെക്രട്ടറി



നവീൻ കൃഷ്ണ ബി.കെ.
കലാവേദി ജോയിന്റ് സെക്രട്ടറി



ജീന ജെ.ഐ.
സാഹിത്യവേദി സെക്രട്ടറി



ബിജില ജെ.
സാഹിത്യവേദി ജോ.സെക്രട്ടറി




ജിനു
കായികവേദി സെക്രട്ടറി



സജിൻ എസ്.
കായികവേദി ജോ. സെക്രട്ടറി

# വായനാവാരം

**Usha Kumari D., HSA**







**വെ**ല്ലുവിളികൾ ചവിട്ടുപടിയാക്കിയ കരുത്തൻ - ശ്രീ പി.എൻ പണിക്കർ - അനുസ്മരണവും വായനാ പക്ഷാചരണവും, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും മരുതൂർക്കോണം പിടിഎംവിഎച്ച്എസ്എസിൽ പൂർവ്വാധികം ഭംഗിയോടെ ആചരിച്ചു. ജൂൺ 19ന് രാവിലെ സ്കൂൾ അങ്കണത്തിൽ നടന്ന സ്പെഷ്യൽ അസംബ്ലി അനുസ്മരണ ചടങ്ങിൽ, വിദ്യാർത്ഥി പ്രതിനിധി ദേവി അനുസ്മരണ പ്രഭാഷണം നടത്തി. സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വാഗ്മിയും അധ്യാപകനുമായ ശ്രീ. പത്മകുമാർ സാർ യോഗത്തിൽ വിശിഷ്ടാതിഥിയായിരുന്നു. നാട്ടുവഴികളിലെ ഇത്തിരിവെട്ടത്തിൽ തുടങ്ങിയ ഗ്രന്ഥശാലകൾ നാടിന്റെ സംസ്കാര കേന്ദ്രങ്ങളായി വളരുകയായിരുന്നുവെന്നും പിന്നീടത് എങ്ങനെ ഒരു പ്രസ്ഥാനമായി മാറിയെന്നും ഉദ്ഘാടനവേളയിൽ അദ്ദേഹം തന്റെ വാക്കുകളിലൂടെ വെളിപ്പെടുത്തി. യോഗത്തെ സ്വാഗതം ചെയ്ത ശ്രീമതി ഉഷാകുമാരി ടീച്ചർ, സാക്ഷര കേരള ശില്പിയായ ശ്രീ.പി.എൻ പണിക്കരുടെ ഓർമ്മയിൽ രാജ്യത്താകമാനം വായനാപക്ഷാചരണം നടത്തുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് സംസാരിച്ചു.

പി.ടി.എ വൈസ് പ്രസിഡന്റ് ശ്രീ.കോട്ടുകാൽ ശ്യാമപ്രസാദ് 'അക്ഷര മഹത്വ'ത്തെക്കുറിച്ച് സ്വന്തം കവിത അവതരിപ്പിച്ചത് ഏറെ പ്രശംസനീയം എന്നു മാത്രമല്ല എല്ലാവർക്കും ആ കവിത ഇഷ്ടമാകുകയും ചെയ്തു. വായന വിശാലമായ ഒരു ലോകം നമുക്കു സമ്മാനിക്കുമെന്നും കുട്ടികളിൽ വായനാശീലം വളർത്തുന്നതിൽ അധ്യാപകർക്ക് നല്ലൊരു പങ്ക് വഹിക്കാനുണ്ടെന്നും സ്കൂൾ പ്രിൻസിപ്പാൾ ശ്രീ.ഷാബു സാർ അഭിപ്രായപ്പെട്ടു. വായന എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികൾ ഓരോ പുസ്തകമെങ്കിലും സ്കൂളിന് സംഭാവന ചെയ്യണമെന്ന് എച്ച്.എം ശ്രീമതി ശ്രീകുമാരി ടീച്ചർ ആവശ്യപ്പെട്ടു. ശ്രീ. വിൻസ്റ്റൺ സാർ ചൊല്ലിക്കൊടുത്ത വായനദിന പ്രതിജ്ഞ കുട്ടികളെ ആവേശഭരിതരാക്കി. വായനയുടെ മഹത്വം പങ്കുവച്ച് വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധകലാപരിപാടികൾ 'വായനയ്ക്ക്' മരണമില്ലെന്ന് നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചു.

ശ്രീ. പി.എൻ പണിക്കരുടെ ജീവിതാദർശങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന നമ്മൾ അദ്ദേഹത്തിന്റെ ജീവിത സന്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് സ്റ്റാഫ് സെക്രട്ടറി ശ്രീ. സജുസാർ സമ്മേളനത്തിന് കൃതജ്ഞത രേഖപ്പെടുത്തി. വായന ഒരു തുടർ പ്രക്രിയയായി ലക്ഷ്യമിട്ടുകൊണ്ട് അന്നേദിവസം ഉച്ചയ്ക്കുതന്നെ വിവിധ സാഹിത്യമത്സരങ്ങൾ ആരംഭിച്ചു.



# 'വര' ഉത്സവം

ഓരോ സ്കൂളും അതിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ച് വികസിക്കുക എന്ന ലക്ഷ്യംവച്ച് അക്കാദമിക് മാസ്റ്റർ പ്ലാനിലെ ആക്ഷൻ പ്ലാൻ യാഥാർത്ഥ്യമാകുന്നതിന്റെ ഭാഗമായി കണ്ടും കേട്ടും വായിച്ചും അറിഞ്ഞ കേരള ചരിത്രം 'ചരിത്രപഠന നേർസാക്ഷ്യങ്ങൾ' സ്വന്തം സിരകളിലേയ്ക്കാവാഹിച്ച് വർണ്ണ വിസ്മയം തീർക്കുകയാണ് പി.ടി.എം. വി.എച്ച്.എസ്.എസ് ലെ ചുണക്കുട്ടികൾ. കേരളത്തിന്റെ പ്രാദേശിക ചരിത്ര സംഭവങ്ങൾ പ്രദേശിക പ്രതിഭാ കേന്ദ്രം പ്രവർത്തനങ്ങളുടെ ഫലമായി കോട്ടുകാൽ ഗ്രാമ പഞ്ചായത്തിന്റെ ചുവരുകളിൽ, വിദ്യാലയ ങ്ങളുടെ ചുവരുകളിൽ ജീവൻ തുടിക്കുന്ന ചിത്രങ്ങളായി മാറുന്ന സർഗ്ഗാത്മകതയുടെ നിമിഷങ്ങളിൽ മൺമറഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ പുനർജ്ജനി ആവോളാമാസ്വദിക്കുവാൻ പി.റ്റി.എം. വി.എച്ച്.എസ്.എസ്.ലെ കുട്ടികൾ അവസരമൊരുക്കി.

2019 ജനുവരി 17 വ്യാഴാഴ്ച്ച രാവിലെ 10 മണിയ്ക്ക് സ്കൂൾ അങ്കണത്തിൽ നടന്ന പ്രത്യേക ചടങ്ങിൽ അനുഭവങ്ങളിലൂടെ ആർജ്ജിച്ചെടുത്ത വരയുടെ രസതന്ത്രം ആത്മതലങ്ങൾ അനാവരണം ചെയ്യുന്ന ഓജസ്സാർന്ന വർണ്ണചിത്രങ്ങളായ് മാറിയപ്പോൾ സ്കൂൾ ചുവരുകൾ സർഗ്ഗാത്മകതയുടെ ഭൂമികയായി. വരും ദിവസങ്ങളിൽ മറ്റു വിദ്യാലയങ്ങളുടെ ചുവരുകളും കുട്ടികളുടെ നേർസാക്ഷ്യങ്ങളായി മാറുന്നു.

വർണ്ണ വൈഭവത്തിന്റെ ശ്രേഷ്ഠഭാവങ്ങൾ സദസ്സിന് പകർന്ന് അത്യന്തം ആകർഷണീയമായ വേദിയൊരുക്കാൻ കുട്ടികൾക്ക് കഴിഞ്ഞു. SSA ജില്ലാ കോഓർഡിനേറ്റർ ബി. ശ്രീകുമാരൻ വര ഉത്സവത്തിന് നാന്ദികുറിച്ചു. 'വര' ഉത്സവം സംഘാടക സമിതി കൺവീനർ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സജി കെ.എസ്., പി.റ്റി.എ. പ്രസിഡന്റ് എം.വി. മൻമോഹൻ, പി.റ്റി.എ. വൈസ് പ്രസിഡന്റ് കോട്ടുകാൽ ശ്യാമപ്രസാദ് എന്നിവർ സന്നിഹിതരായിരുന്നു. റിട്ട. ടീച്ചർ വി.കെ. വിജയകുമാർ വര ഉത്സവത്തിന് വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കി. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റേയും സമഗ്രശിക്ഷാ അഭിയാന്റേയും സംയുക്ത സഹകരണത്തോടെയാണ് വരയുത്സവത്തിന് രൂപം നൽകിയത്. ●






കോട്ടുകാലിന്റെ ചുമരുകളിൽ വരയുടെ ഉത്സവം

















അനാചാരങ്ങൾ (ശിക്ഷകൾ)

മുക്കാലിൽകെട്ടിയടി














## പാഠം ഒന്ന്
# പാടത്തേയ്ക്ക്

പുതുതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ എല്ലാ വർഷവും നെല്ലിന്റെ ജന്മദിനമായി പൂർവ്വികർ ആചരിച്ചുപോരുന്ന കന്നിമാസത്തിലെ മകം നാളിൽ കൃഷി വകുപ്പും, പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് 'പാഠം ഒന്ന് എല്ലാവരും പാടത്തേയ്ക്ക്' എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

അതിൻപ്രകാരം ഞങ്ങളുടെ സ്കൂളിൽ നിന്നും തൊട്ടടുത്ത പാടശേഖരമായ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 'പുത്തളം' എന്ന പാടശേഖരം സന്ദർശിക്കുകയുണ്ടായി. ആ പ്രദേശത്ത് നെൽകൃഷി വളരെ കുറവായിരുന്നു. എങ്കിലും വിപുലവും ഹരിതാഭവുമായ മറ്റ് പല കൃഷികളും അവിടെ കാണാൻ കഴിഞ്ഞു. പലതരം വാഴകൾ, മരച്ചീനി, പച്ചക്കറികൾ, പ്രത്യേകിച്ചും ചെമ്പട്ട് വിരിച്ചതുപോലുള്ള ചീരകൃഷി, മത്സരിച്ച് വിളഞ്ഞുനിൽക്കുന്ന പടവലങ്ങൾ എന്നിവ കുട്ടികൾക്ക് വളരെ ഇഷ്ടപ്പെട്ടു. പലരും ഇതൊക്കെ ആദ്യമായി കാണുന്നതുമായിരുന്നു. മഴയുടെ സമയം ആയതിനാൽ വയലുകളിൽ നിറയെ വെള്ളവും ചെളിയുമായിരുന്നു. എന്നിട്ടും ഷൂവും സോക്സും ഊരി കരയ്ക്കുവച്ചിട്ട് അത്യുത്സാഹത്തോടെ അവർ പാടത്തേക്കിറങ്ങി. ചെടികളേയും ഫലങ്ങളേയും മണ്ണിനേയും തൊട്ടറിഞ്ഞു. ഏകദേശം നല്ല ഒഴുക്കുള്ള ചെറുതോടുകൾ അവരെ ഒട്ടും ഭയപ്പെടുത്തിയില്ല. ആൺകുട്ടികൾ ആദ്യം തോട്ടിലിറങ്ങി ആഴവും ഒഴുക്കും കുറഞ്ഞ സ്ഥലങ്ങൾ കണ്ടുപിടിച്ച്, പെൺകുട്ടികളേയും വെള്ളത്തിലിറങ്ങാൻ സഹായിച്ചു. പച്ചക്കറിത്തോട്ടങ്ങൾ അവരെ കൃഷിയിൽ കൂടുതൽ താൽപര്യവും ആഭിമുഖ്യവും വളർത്തി. അവരുടെ സംശയങ്ങൾ നിവർത്തിക്കാൻ പണിയെടുത്തുകൊണ്ടുനിന്ന ചില കർഷകർ വളരെ സഹായിച്ചു. അവരുടെ അഭിപ്രായപ്രകാരം ഏകദേശം ഒന്നര കിലോമീറ്റർ നടന്നാൽ നെൽപ്പാടത്ത് എത്താം എന്ന അറിവ് ലഭിച്ചു. അതിൻപ്രകാരം വെള്ളവും ചെളിയും നിറഞ്ഞ, മുള്ളുകളും വേലിപ്പടർപ്പുകളും പടർന്നുകിടക്കുന്ന ദുർഘടമായ വഴികൾ പ്രയാസപൂർവ്വം പിന്നിട്ട് നെൽപ്പാടത്തേക്ക് എത്തിച്ചേർന്നു.

നെൽച്ചെടി ഒരു അത്ഭുത സസ്യമാണ്. ഞങ്ങൾ കഴിക്കുന്ന ചോറ് ഈ ചെറിയ ചെടിയാണ് നൽകുന്നത് എന്ന് ആദ്യമായി തിരിച്ചറിഞ്ഞ കുട്ടികളും അക്കൂട്ടത്തിലുണ്ടായിരുന്നു. 'അരിച്ചെടി' തിരിച്ചറിഞ്ഞ കുട്ടികൾ വളരെ ഉത്സാഹത്തോടെ പാടത്തേക്കിറങ്ങി. ഒരു നെൽച്ചെടിയെപ്പോലും നോവിക്കാതെ അവർ നെൽകൃഷി അടുത്തുകണ്ടു. ഞങ്ങളുടെ സ്കൂളിലെ ഒരു പൂർവ്വ വിദ്യാർത്ഥിയുടെ പിതാവായ 'വേണു' എന്ന കർഷകന്റേതായിരുന്നു ആ നെൽപ്പാടം. 'ഉമ' എന്ന നെല്ലിനമായിരുന്നു അദ്ദേഹം അവിടെ കൃഷിചെയ്തിരുന്നത്. കൃഷി നശിക്കുന്നതിന്റേയും, നെൽകൃഷി പുതുതലമുറ അവഗണിക്കുന്നതിന്റെയും കാരണങ്ങൾ അദ്ദേഹം വിശദമായി തന്നെ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.

ക്ലാസ്സിൽ മാത്രം ഒതുങ്ങേണ്ട പഠനം പാടത്തേയ്ക്കുകൂടി വ്യാപിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്കും അവരോടൊപ്പം പോയ അധ്യാപകർക്കും നന്നായി മനസ്സിലായി. ശ്രീ സാജു സാറിന്റേയും ശ്രീമതി ഉഷാകുമാരി ടീച്ചറിന്റേയും നേതൃത്വത്തിലായിരുന്നു കുട്ടികളെ പാടത്തേയ്ക്ക് കൊണ്ടുപോയത്. വാർഡ് മെമ്പർ ശ്രീ. ഹരിശ്ചന്ദ്രൻ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. മണ്ണിന്റെമണമറിഞ്ഞ് മണ്ണിൽ വിത്തെറിഞ്ഞ് നല്ല വിളവെടുക്കുന്ന നമ്മുടെ സംസ്കാരത്തെ, നമ്മുടെ കർഷകരെ, അവരുടെ മഹത്വത്തെ തിരിച്ചറിയണമെന്ന് മെമ്പർ പറഞ്ഞു.

കാർഷിക രംഗത്ത് വളരെ തൽപരനായ സജു സാർ, കൃഷിയെക്കുറിച്ച് സമഗ്രവും, വളരെ ആകർഷകവുമായ രീതിയിൽ കുട്ടികൾക്ക് വിവരിച്ചുകൊടുത്തു. സാറിന്റെ നേതൃതവവും, ക്ലാസ്സും കുട്ടികളെ കാർഷിക രംഗവുമായി ആഭിമുഖ്യം വളർത്താൻ വളരെ സഹായിച്ചു. ഇത്തരം പരിപാടികൾ വെറും ദിനാചരണങ്ങളിൽ ഒതുങ്ങാതെ സജീവമായി നിലനിർത്തിയാൽ മാത്രമേ പുതുതലമുറ കാർഷിക രംഗത്തിന് അഭിമുഖമായി വളരൂ. മണ്ണും, ചെടിയും, മനുഷ്യനും തമ്മിലുള്ള ഗാഢമായ ബന്ധത്തിലൂടെ മാത്രമേ പുതുതലമുറയെ ആർജ്ജവമുള്ള, സംസ്കാരമുള്ള, ഉന്മേഷമുള്ള പൗരന്മാരായി വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ.




# കുട്ടിയും തുമ്പിയും



Akhila S, Std IX B

"എന്തിനു തുമ്പീ പൂന്തോട്ടത്തിൽ
പാറിപ്പാറി നടക്കുന്നു?"
"കുട്ടീ കുട്ടീ പൂന്തോട്ടത്തിൽ
തേനും തേടി നടപ്പൂ ഞാൻ
മലരുകൾ മിഴികൾ തുറക്കുമ്പോൾ
ഞാനൊരു പാട്ടും മൂളി വരും.



# ഒരിയ്ക്കലെങ്കിലും

Arya R.V Das., Std IX B



ഒരിക്കലെങ്കിലും
ഒരു സുഹൃത്തിന്റെയെങ്കിലും
അവസാന കവിതയിലെ വരികളാവണം
ഒരിക്കലെങ്കിലും
ഒരു സുഹൃത്തിന്റെയെങ്കിലും
ഇഷ്ടഗാനത്തിന്റെ ഈണമാവണം
ഒരിക്കലെങ്കിലും
ഒരു സുഹൃത്തിന്റെയെങ്കിലും
വിഷാദവേളയിലെ പുഞ്ചിരിയാവണം
മരിക്കും മുമ്പൊരിക്കലെങ്കിലും
ഒരു സുഹൃത്തിന്റെയെങ്കിലും ജീവിതത്തിലെ ഒരു
നല്ല സുഹൃത്താവണം
ഇതാണ് യഥാർത്ഥ സുഹൃത്ബന്ധം.



# മരങ്ങൾ



Varsha V.K., IX B

മരങ്ങൾ വെട്ടിമുറിക്കരുതേ
മരങ്ങൾ നാടിൻ സമ്പത്ത്
മരങ്ങൾ നട്ടുവളർത്തേണം
മരങ്ങൾ മണ്ണിൻ നിലനില്പ്
നദിയെ കുരുതി കൊടുക്കരുതേ
മണലുംവാരി മണ്ണും വാരി കൊല്ലരുതേ
പുഴകളെയാർക്കും വിൽക്കരുതേ അവ-
ദൈവം നൽകിയ വരദാനം
പ്ലാസ്റ്റിക് കിറ്റുകൾ വേണ്ടേ വേണ്ട
കടലാസ് കൂടുകൾ അനുയോജ്യം
വെള്ളം പാഴായ് കളയരുതേ
വെള്ളം ജീവിതൻ ജീവന്നാധാരം.





# ഭരണഘടനാ ചോദ്യങ്ങൾ

Veena V.K., VII B

1. ഇന്ത്യയുടെ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത് എന്നാണ്?

   1950 ജനുവരി 26

2. ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സമിതിയുടെ അദ്ധ്യക്ഷൻ ആരായിരുന്നു?

   ഡോ. രാജേന്ദ്രപ്രസാദ്

3. ഭരണഘടന ഡ്രാഫ്റ്റിങ്ങ് കമ്മിറ്റിയുടെ അധ്യക്ഷൻ ആരായിരുന്നു?

   ഡോ. ബി.ആർ. അംബേദ്കർ

4. 1976ലെ ഒരു ഭരണഘടനാ ഭേദഗതി വഴിയാണ് 'മതേതര' എന്ന വാക്ക് ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർത്തത്. ഏതാണാ ഭേദഗതി?

   42-ാം ഭരണഘടനാ ഭേദഗതി.

5. 6 നും 14 നും ഇടയ്ക്ക് പ്രായമുള്ള മക്കൾക്ക് പഠനത്തിന് അവസരം ഒരുക്കാൻ രക്ഷാകർത്താക്കളെ ചുമതലപ്പെടുത്തുന്ന ഭരണഘടനാ ഭേദഗതി ഏതാണ്?

   86-ാം ഭേദഗതി

6. ഒരേ സമയം കേന്ദ്രഭരണകൂടത്തിനും സംസ്ഥാനഭരണകൂടത്തിനും നിയമനിർമ്മാണം നടത്താൻ അധികാരമുള്ള വിഷയങ്ങളുടെ പട്ടികയെ വിളിക്കുന്ന പേരെന്ത്?

   കൺകറന്റ് ലിസ്റ്റ്

7. ഇന്ത്യയിൽ വോട്ടവകാശം ലഭിക്കാനുള്ള കുറഞ്ഞ പ്രായം ഇപ്പോൾ 18 വയസ്സാണ്. ഇതിനു മുൻപ് എത്രയായിരുന്നു പ്രായപരിധി?

   21 വയസ്സ്

8. രാഷ്ട്രപതി സ്ഥാനത്തേയ്ക്കു മത്സരിക്കാനുള്ള കുറഞ്ഞ പ്രായപരിധി എത്രയാണ്?

   35 വയസ്സ്.

9. പാർലമെന്റിലെ ഭൂരിപക്ഷത്തോടെ രാഷ്ട്രപതിയെ കുറ്റവിചാരണ ചെയ്ത് പുറത്താക്കുന്ന നടപടിക്ക് പറയുന്ന പേര്?

   ഇംപീച്ച്മെന്റ്

10. രാജ്യസഭയുടെ അധ്യക്ഷൻ ആരാണ്?

    ഉപരാഷ്ട്രപതി

11. 'കൗൺസിൽ ഓഫ് സ്റ്റേറ്റ്സ്' എന്ന പേരിൽ അറിയപ്പെടുന്നത് എന്താണ്?

    രാജ്യസഭ

12. ദേശീയഭരണഘടനാ ദിനമായി ആചരിക്കുന്ന ദിവസം?

    നവംബർ 26.

# GK

Vishnu B.S., V A



1. ഒറ്റ വിത്തുള്ള ഫലം ഏവ?
   തേങ്ങ, മാങ്ങ
2. പുഷ്പിച്ചാൽ വിളവ് കുറയുന്ന സസ്യം?
   കരിമ്പ്
3. കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന ജീവി?
   മണ്ണിര
4. ലോക പരിസ്ഥിതി ദിനം എന്ന്?
   ജൂൺ 5
5. ആദ്യമായി പരിസ്ഥിതി ദിനം ആചരിച്ച വർഷം?
   1973
6. നിള എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിലെ നദി?
   ഭാരതപ്പുഴ
7. ഇന്ത്യയിലെ ധാന്യപ്പുര എന്നറിയപ്പെടുന്ന സംസ്ഥാനം?
   പഞ്ചാബ്
8. ഏറ്റവും കൂടുതൽ കൊഴുപ്പ് അടങ്ങിയിരിക്കുന്ന സുഗന്ധവ്യഞ്ജനം?
   ജാതിക്ക
9. ഇരവികുളം ദേശീയ ഉദ്യാനത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന മൃഗം?
   വരയാട്
10. കീടനാശിനിയായി ഉപയോഗിക്കുന്ന ഔഷധസസ്യം?
    വേപ്പ്.

# കുസൃതി ചോദ്യങ്ങൾ

ആതിര ആർ വി ദാസ്, VI B

ആതിര ആർ.എസ്., V B

1. മാങ്ങയുണ്ടാകാത്ത മാവ്?
   ഉപ്പുമാവ്.
2. വേഗത കുറഞ്ഞ മാൻ?
   പോസ്റ്റ്മാൻ
3. കാണാൻ കഴിയുന്ന അക്ഷരം?
   ഐ
4. പേനയിൽ ഒഴിക്കാൻ പറ്റാത്ത മഷി?
   കൺമഷി
5. ആർക്കും വേണ്ടാത്ത പെട്ടി?
   ശവപ്പെട്ടി.
6. അമ്പു തൊടുക്കാൻ പറ്റാത്ത വില്ല്?
   മഴവില്ല്.
7. ആർക്കും ഉയരത്തിലെത്താവുന്ന ജോലി?
   മരം കയറ്റം
8. എല്ലാവരെയും കരയിക്കുന്ന പച്ചക്കറി?
   ഉള്ളി.
9. ഏറ്റവും മണ്ടനായ താക്കോൽ?
   Don "key'
10. സൂര്യന്റെ ജന്മദിനം?
    Sunday
11. ഏറ്റവും ധനികനായ പക്ഷി?
    Ost "Rich'
12. ജിറാഫിന്റെ തലസ്ഥാനം എവിടെ?
    കഴുത്തിനു മുകളിൽ.

# ശാസ്ത്ര – പ്രവൃത്തിപരിചയ – ഐ.റ്റി. മേള കലോത്സവ വിജയികൾ

**School Section**



Krishna S. Prasad



Abhiram V.S.



Sneha B. Kumar



Gokul P.A.



Gopika G.S.



Amal A. Mohan



Nidheesh S.



Amal Krishna



Jayaprasad J.R.



Syama



Athul Krishna



Sajin S. (VHSE)



**Vishnu B.S.**
(First Year CSIT)
State Special Kalotsavam-2019
Nadodi Nritham
A Grade

# പ്രവൃത്തിപരിചയ മേള കലോത്സവ വിജയികൾ

**VHSS Section**



Abhirami A.S.



Anju S.R.



Devika Shiju J.



Jeena J.I.



Krishna V.A.



Meenu Salim



Mekha V. Nair



Nandana S.



Nikhil A.S.



Anjana S.B.



# ലോക പരിസ്ഥിതി ദിനം



ആര്യ ആർ.വി ദാസ്, IX B

എല്ലാ വർഷവും ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്.

ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്. ദിവസേന അന്തരീക്ഷത്തിലെത്തിച്ചേരുന്ന കാർബൺഡൈ ഓക്സൈഡ്, മീഥേൽ, നൈട്രജൻ ഓക്സൈഡ്, ക്ലോറോ ഫ്ളൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യുന്നു.

ഇതുകാരണം ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പരിസ്ഥിതിക സന്തുലനവും കാലാവസ്ഥ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യം. 'കാർബൺ ന്യൂട്രോലിറ്റി' കൈവരിക്കുക വഴി ഓസോൺ വിള്ളലുകൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്ന ഗ്രീൻഹൗസ് വാതകങ്ങൾ പരമാവധി കുറയ്ക്കാനുള്ള ശേഷി കൈവരിക്കുകയുമാണ് ചെയ്യുന്നത്.





# വായനയുടെ ആനന്ദം

ദൃശ്യ യു.ഡി., IXB

നമ്മുടെ ഏറ്റവും നല്ല സുഹൃത്തുക്കളിൽ പലരും വേണ്ട പ്പോൾ സഹായിക്കാതെയും നമ്മെ ഉപദേശിക്കാതെയും പിൻവാങ്ങിയെന്നു വരാം. എന്നാൽ പുസ്തകങ്ങൾ അങ്ങനെ ചെയ്യുകയില്ല. പുസ്തകങ്ങളിലെ പല ആശയങ്ങളും നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ടവയാണ്. നല്ല നല്ല ആശയങ്ങൾ നിറഞ്ഞ പുസ്തകങ്ങളെപ്പോഴും കൈയിൽ സൂക്ഷിക്കേണ്ടതാണ്. ഒരു പുസ്തകം വായിക്കുമ്പോൾ അതിൽ വിവരിക്കുന്ന സംഭവങ്ങളിൽ നമ്മളും പങ്കെടുക്കുന്നു. ചരിത്രകഥകളോ, കവിതകളോ ആണെന്നു വിചാരിക്കൂ. എന്നാൽ കഥ പറയുന്ന് ആ ഭൂതകാലത്തിലേയ്ക്കു പുസ്തകത്തിൽക്കൂടി നമുക്ക് കടന്നുചെല്ലാം. അതിലെ കഥാപാത്രങ്ങളെ നേരിട്ടു കാണാം. അവരുമായി സംഭാഷണം നടത്താം. ഒരു നോവലിൽ ധാരാളം കഥാപാത്രങ്ങളുണ്ടായിരിക്കും. അതിൽ ചില കഥാപാത്രങ്ങൾ നാം തന്നെയാണെന്നു നമുക്ക് തോന്നാം. അങ്ങനെ നമുക്ക് ഉണ്ടാകുന്ന സ്വാനുഭവം നമ്മൾ ഒരിക്കലും മറക്കില്ല. അതുപോലെ ആ കഥയും.


പുസ്തകങ്ങൾക്ക് നമ്മുടെ ജീവിതത്തിൽ വളരെ വലിയ പങ്കുണ്ട്. പുസ്തകങ്ങൾ ചങ്ങാതിമാരെപ്പോലെയാണ്. നമ്മെ നന്നാക്കാനും നശിപ്പിക്കാനും അവയ്ക്ക് കഴിയും. അതുകൊണ്ട് പുസ്തകങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്നാണല്ലോ ചൊല്ല്?

# കടങ്കഥകൾ

ശ്രീലക്ഷ്മി എം.എസ്., 10 ബി



ഞെട്ടില്ല വട്ടയില - പപ്പടം
ഉടുപ്പൂരി കിണറ്റിലിട്ടു - പഴത്തൊലി
ഒരു അമ്മയ്ക്ക് ആയിരം മക്കൾ - ചൂല്
കാള കിടക്കും കയർ ഓടും - മത്തൻ
കാട്ടിൽ ഒരു തുള്ളി രക്തം - മഞ്ചാടി
മുറ്റത്തെ ചെപ്പിന് അടപ്പില്ല - കിണർ
കിക്കിളിക്കും കിളി കിളിക്കും ഉത്തരത്തിൽ ചത്തിരിക്കും - താക്കോൽ
ആളുകയറാ മല ആടു കയറാമല ആയിരം കാന്താരി പൂത്ത് ഉലഞ്ഞു - നക്ഷത്രം
ഒരു അമ്മ സാരി ചുറ്റിയാലും ചുറ്റിയാലും തീരില്ല - റോഡ്
അക്കരെ നിൽക്കും കൊക്കരക്കോ ഇക്കരെ നിൽക്കും കൊക്കരക്കോ, നടന്ന് കളിക്കും കൊക്കരക്കോ ഉയർന്ന് കളിക്കും കൊക്കരക്കോ - സൂര്യൻ
മുക്കാക്കണ്ണനും ചന്തയ്ക്കു പോയി - തേങ്ങ
തൊപ്പിക്കാരനും ചന്തയ്ക്കു പോയി - പാക്ക്
ഓടും കുതിര, ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര - ചെരുപ്പ്.






സ്മൃതി

# ടെക്നോപാർക്കിൽ നിന്ന് വശ്യതയാർന്ന കൃഷിയിലേയ്ക്ക്

**Dr. Saju V.**



കൃഷി ഒരു സംസ്കാരമാണ്. അത് കണ്ട് മനസ്സിലാക്കി ജീവിക്കാൻ എത്ര പേർക്കിന്ന് കഴിയും? കൃഷിയെ സ്നേഹിക്കാൻ എത്രപേർക്ക് സാധിക്കും. ചെന്നൈ സൗപോസ്റ്റ് ടെകിലും ടെക്നോ പാർക്കിലെ സൈഫിക്സ് ടെക്കിലെ സ്വന്തം പാർട്ട്ണർഷിപ്പിലെ ജോലിയും ഉപേക്ഷിച്ച് കൃഷിയിലേയ്ക്കിറങ്ങിവന്ന് മെച്ചപ്പെട്ട ലാഭം കൊയ്യുന്ന ഒരു വ്യക്തിയെ നമുക്ക് പരിചയപ്പെടാം.

സ്കൂളിൽ നിന്ന് ഒന്നര കിലോമീറ്റർ മാറി ഉച്ചക്കട വലിയവിള പുത്തൻവീട്ടിൽ കിരൺ. ഇദ്ദേഹം പഠന കാലം മുതലേ കൃഷിയെ ഹോബിയായി കണ്ടിരുന്നു. സർക്കാർ ഉദ്യോഗസ്ഥനായ അച്ഛൻ ശ്രീ സുരേന്ദ്രൻ അവർകൾ കാർഷിക മേഖലയ്ക്ക് കൊടുക്കുന്ന പ്രാധാന്യവും ശ്രീ കിരണിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

ടെക്നോപാർക്കിലെ ടെൻഷൻ പിടിച്ച ജോലി ഭാരം ചെറുപ്പത്തിലേ വാർദ്ധക്യത്തെലത്തുമെന്ന ചൊല്ലിനെ മാറ്റിമറിക്കാൻ കാർഷിക കാര്യങ്ങളിൽ വ്യാപൃതനാകുവാൻ തീരുമാനിച്ചു. വിരലിലെണ്ണാവുന്ന പശുക്കളും, ചെറിയ രീതിയിലുള്ള കൃഷിയുമൊക്കെയാണ് ഇദ്ദേഹത്തിന്റെ വീട്ടിൽ ഉണ്ടായിരുന്നത്. തനിക്ക് കാർഷിക മേഖലയിൽ തിളങ്ങാൻ കഴിയുമെന്ന വിശ്വാസവും തന്റെ പ്രവർത്തന മണ്ഡലം കൃഷിയാണെന്ന തിരിച്ചറിവും കിരണിന്റെ ജീവിതത്തിൽ പുതിയൊരു അധ്യായം തുറന്നു. അഞ്ചേക്കറോളം വിസ്തൃതിയുള്ള ഭൂപ്രദേശത്ത് മുപ്പതോളം പശുക്കൾ, മുപ്പതിനായിരത്തോളം ഇറച്ചിക്കോഴി, മുന്നൂറിലേറെ ഏത്തൻ വാഴ, ഇരുപതിലേറെ വൈവിധ്യമേറിയ പക്ഷികൾ, തീറ്റപ്പുൽ കൃഷി, തെങ്ങ് കൃഷി എന്നിവയെക്കൊണ്ട് കൃഷി ഏതൊരാളിന്റെയും മനസിനെ കുളിർപ്പിക്കാൻ കഴിയുന്ന ഒരു തൊഴിലാണെന്ന് തെളിയിച്ചിരിക്കുകയാണ്.

വലിയ ജോലി, വലിയ ശമ്പളം, വലിയ പെൻഷൻ ഇതിൽ നിന്ന് മാറി മഹത്തായ ജോലി, മഹത്തായ ശമ്പളം, കുറഞ്ഞ ടെൻഷൻ എന്ന നിലയിലെത്തിയപ്പോഴാണ് തന്നിലുള്ള മനുഷ്യനെ തിരിച്ചറിയാൻ കഴിഞ്ഞതെന്ന് കിരൺ പറയുന്നു. ഐ.ടി. കമ്പനിയിൽ നിന്ന് കിട്ടിയിരുന്ന വേതനത്തിന്റെ ഇരട്ടി തുകയാണ് ഈ കഠിനാദ്ധ്വാനിക്ക് ഓരോ മാസവും ഇപ്പോൾ ലഭിക്കുന്നത്.

അതിരാവിലെ ആരംഭിക്കുന്ന ജോലി വൈകുവോളം ചെയ്താലും തൃപ്തികരമായി പൂർത്തിയാക്കി എന്ന് പറയാൻ കഴിയില്ല. എന്നാലും മനസിനിഷ്ടപ്പെട്ട തൊഴിൽ, ഇഷ്ടപ്പെട്ട രീതിയിൽ, സമ്മർദ്ദമില്ലാതെ ചെയ്യാൻ കഴിയുന്നു എന്നതും, പത്തോളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകാൻ സാധിക്കുന്നു എന്നതും, കുടുംബത്തിന്റെ കാര്യങ്ങൾ നന്നായി നോക്കുന്നതിനും കഴിയുന്നു എന്നത് ഒരു നേട്ടമാണ്. കേരള പോലീസ് ചീഫ് ഫിസിയോ തെറാപ്പിസ്റ്റ് സൗമ്യയാണ് ഭാര്യ. റോളർ സ്കേറ്റിംഗ് വിദഗ്ദ്ധരായ സ്കൂൾ വിദ്യാർത്ഥികൾ ശിവ, ശൃംഘ എന്നിവർ മക്കളാണ്.

കൃഷിയെയും സംസ്കാരത്തെയും മറന്ന് വൈറ്റ് കോളർ ജോബിലേക്ക് പോയ ഒരു തലമുറ. അതിൽ നിന്നും വ്യത്യസ്തമായി എങ്ങനെ അധ്വാനിക്കാതെ പെട്ടെന്ന് സമ്പാദിക്കാം എന്ന് ചിന്തിക്കുന്ന പുതിയ തലമുറ. അവിടെയാണ് മാതൃകാപരമായി ശ്രീ കിരണിനെപ്പോലുള്ള വ്യക്തികൾ നമ്മുടെ സംസ്കാരത്തിലൂന്നി കഠിനമായി പ്രവർത്തിക്കാൻ തീരുമാനമെടുത്തിരിക്കുന്നതിന്റെ പ്രസക്തി. മണിക്കൂറുകളോളം ജിമ്മിലും, മറ്റ് വ്യായാമങ്ങൾക്കുമായി സമയം ചെലവഴിക്കുന്നവർ കുറച്ച് ഊർജ്ജം കാർഷിക മേഖലയ്ക്കായി മാറ്റിവച്ചാൽ വിഷമയമല്ലാത്ത നല്ല കാർഷിക ഉത്പന്നങ്ങൾ ഭക്ഷിക്കുവാൻ നമുക്കും കഴിയും.

# പ്രളയം

സമ്പാദക : അഞ്ജന എസ്. ജയൻ, Ist MFS

①

പുഴയൊഴുകിയ വഴികളൊക്കെയു-
മതിര് കല്ലുകൾ പാകി നാം
കുന്നിടിച്ചു നിരത്തി നാം
പുഴകളൊക്കെ നികത്തി നാം
പണിതുകൂട്ടി രമ്യഹർമ്യം
കൃഷി നിലങ്ങൾ നികത്തി നാം
മല ചുരത്തിയ നീരുറവകൾ
അണകൾ കെട്ടി അടച്ചുനാം
ദാഹനീരതുമൂറ്റി വിറ്റു
നേടി കോടികളിന്നു നാം
ഭൂമി തന്നുടെ നിലവിളിയതു
കേട്ടതില്ല അന്നു നാം
പ്രകൃതി തന്നുടെ സങ്കടം
അണ നിറഞ്ഞൊരു നാളിൽ നാം
പകച്ചുപോയി പ്രളയമെന്നൊരു
മാരി തന്നുടെ നടുവിൽ നാം
കൈപിടിച്ചു കയത്തിലായൊരു
ജീവിതം തിരികെ തരാൻ
ഒത്തുചേർന്നു നമ്മളൊന്നായ്
ഒരു മനസ്സായ് അന്നു നാം
ജാതി ചിന്തകൾ വർഗ്ഗ വൈരികൾ
ഒക്കെയന്നു മറന്ന നാം
ഇനിയൊരിക്കലൊരൊത്തുചേരലി-
നൊരു ദുരന്തം കാക്കണോ?

(കടപ്പാട് : പ്രളയകാലത്ത് നവമാധ്യമങ്ങൾ വഴി പ്രചരിച്ച ശ്രീ അനിൽ പാപ എഴുതിയ കവിത)

②

മലയിങ്ങനെ-
യുരുൾപൊട്ടുമ്പോൾ
മലനാടെങ്ങനെ
നിലനിൽക്കും?
മറുപാതി
തുരന്നു വരുന്നൊരു
ജേസീബിക്കതു
പറയാമോ?
മലവെള്ളമൊ-
ലിച്ചു പരന്നാൽ
ഇടനാടെങ്ങനെ
നിലനിൽക്കും?
വയലേലകൾ
തിന്നു കൊഴുത്തൊരു
നഗരങ്ങൾക്കതു
പറയാമോ?
തിരയിങ്ങനെ
പൊങ്ങിമറിഞ്ഞാൽ
തീരം-
കടലായ്പ്പോവില്ലേ!
ഭൂഗോളം
ചുട്ടു പുഴുങ്ങി
ഇരിക്കും കൊമ്പു-
മുറിക്കരുതേ...!!

(കടപ്പാട്: പ്രളയകാലത്ത് നവമാധ്യമങ്ങൾ വഴി പ്രചരിച്ച ശ്രീ എം.എം. സചീന്ദ്രൻ എഴുതിയ കവിത)








# SARGOTSAVAM
ANNIVERSARY









# കിലുക്കാംപെട്ടി

Gopika G.S., IX A

ഒരു ഗ്രാമം, നഗരവാസികൾ സ്വപ്നത്തിൽ മാത്രം കാണുന്ന നീലത്തടാകങ്ങളും അരയന്നങ്ങളും ചെറുവഴികളും വൃക്ഷങ്ങളുമൊക്കെയുള്ള ഒരു ചെറിയ ഗ്രാമം. തെളിഞ്ഞ ആകാശം. മേഘങ്ങൾ വെളുത്ത പഞ്ഞിക്കെട്ടുകൾ പോലെ മാനത്തിലൂടെ പാറി നടക്കുന്നു. വാനമ്പാടികൾ സ്വരം തെറ്റിക്കാതെ പാട്ടിൽ തന്നെ ശ്രദ്ധിച്ചുകൊണ്ട് പ്രകൃതിയെ ആവോളം പുകഴ്ത്തി പാടുന്നു. മേഘങ്ങളെ പോലെ അപ്പൂപ്പൻതാടികൾ തന്റെ വള്ളിപ്പടർപ്പുകളിൽ വേറിട്ട് വൃക്ഷങ്ങളിലൂടെ പാറിനടക്കുന്നു. അക്കൂട്ടത്തിൽ ഒരു അപ്പൂപ്പൻതാടി വഴിതെറ്റി സഞ്ചരിക്കാൻ തുടങ്ങിയപ്പോഴാണ് ഗ്രാമത്തിന്റെ സുഗന്ധമുള്ള ഇളംകാറ്റ് വീശിയത്. കാറ്റിൽ മതിമറന്ന അപ്പൂപ്പൻതാടി താഴേക്കു കുതിക്കാൻ തുടങ്ങി. താൻ തറയിൽ വീഴാൻ പോകുന്നു എന്നു മനസ്സിലാക്കിയ അപ്പൂപ്പൻതാടി ഭയന്നിരിക്കുമ്പോഴാണ്, വളരെ മൃദുലമായ കുഞ്ഞിക്കൈയിലാണ് അതു പോയിവീണത്. അപ്പൂപ്പൻതാടി ആ മൃദുലതയിൽ ഒന്ന് മയങ്ങി. കുറച്ചുകഴിഞ്ഞ് അത് കണ്ണ് തുറന്ന് നോക്കി.

ചെറു ചുരുളുകളേറിയ കാർകൂന്തലുകൾ. വെളുത്ത ഛായ, മാൻപേടകളെ പോലുള്ള കുഞ്ഞിക്കണ്ണുകൾ. തുടുത്ത കവിളിന്റെ അറ്റത്തായുള്ള ചെറിയ മറുക്. പനിനീർപ്പൂപോലെ മൃദുലവും സൗമ്യവുമായ ചുവന്ന ചെറുചുണ്ട്. വിശാലമായ നെറ്റിത്തടം. അവളെ ഗ്രാമവാസികൾ ഓമനപ്പേരിട്ടു വിളിച്ചു. 'കിലുക്കാംപെട്ടി. വെറുതയല്ല അവർ അങ്ങനെ വിളിച്ചത്, അതിനു കാരണം അവളുടെ കാലിലെ പാദസ്വരവും അതിനെക്കാൾ ശബ്ദമേറിയ അവളുടെ കിലുങ്ങിയ സ്വരവുമാണ്. ആ ഗ്രാമവാസികൾക്ക് അവൾ പ്രിയപ്പെട്ടവളായിരുന്നു. അവളുടെ ഒച്ചപ്പാടും ബഹളവുമൊക്കെയായിരുന്നു ആ ഗ്രാമത്തിന്റെ ജീവനും ഊർജ്ജവും.

അവൾ അപ്പൂപ്പൻതാടിയെയും കൊണ്ട് ഓടി. അവൾ ഒരു കുന്നിൻമുകളിൽ പോയി നിന്ന് അപ്പൂപ്പൻ താടിയെ കാറ്റിലൂടെ പറത്തിവിട്ടു. എന്നിട്ട് തറയിൽ കിടന്ന കുന്നിക്കുരുവാരി അവൾ മുകളിലേക്കെറിഞ്ഞു കറങ്ങിക്കളിച്ചു. അതേ സമയം, അവളുടെ മുട്ടുവരെയുള്ള പുള്ളിപ്പാവാട കാറ്റിലൂടെ പാറിനടക്കുകയായിരുന്നു. ഒരു തുമ്പി പറന്നുപോകുന്നതുകൊണ്ട് അവൾ അതിനു പുറകെ ഓടി, ഓട്ടം ചെന്ന് അവസാനിച്ചത് അവളുടെ അയൽവാസിയായ മുത്തശ്ശിയുടെ വീട്ടിലായിരുന്നു. അവൾ മുത്തശ്ശിയുടെ അടുത്തുചെന്നു. മുത്തശ്ശി അവളുടെ തലയിൽ തലോടിക്കൊണ്ട് പറഞ്ഞു

"മോളേ, ഈ ഗ്രാമത്തിലെ ആളുകൾ നിന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്നറിയാമോ? നിന്നെ അവർക്കു ജീവനാണ്. നീയില്ലെങ്കിൽ അവരുമില്ല. നിനക്കുവേണ്ടി അവർ ജീവൻപോലും കൊടുക്കും. നിനക്കുവേണ്ടി ഇവിടുത്തെ ആളുകൾ ഓമനപ്പേരുവരെ ഇട്ടിരിക്കുകയാണ്, കിലുക്കാംപെട്ടീന്ന്. ഈ ഗ്രാമത്തിൽ ആളുകൾ താമസിക്കുന്നുണ്ടെന്ന് തന്നെ അറിയുന്നത് നിന്റെ ശബ്ദത്തിലൂടെയാണ്.

ഈ കഥ വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ഒരായിരം ചോദ്യങ്ങളുയരുന്നുണ്ടാവും. എന്തുകൊണ്ടാണ് അവൾ ഗ്രാമവാസികൾക്ക് ഇത്രയും പ്രിയപ്പെട്ടവളായത്? അതെ എല്ലാവരുടെയും ജീവിതത്തിൽ ഒരു കഥയുള്ളത് പോലെ ഗ്രാമവാസികളുടെ പ്രിയപ്പെട്ടവളായ കിലുക്കാംപെട്ടിക്കും ഒരു കഥയുണ്ട്.


കിലുക്കാംപെട്ടിക്ക് അച്ഛനും അമ്മയും ചേട്ടനും എല്ലാവരുമുണ്ടായിരുന്നു. എന്തുകൊണ്ടും ഭാഗ്യവതിയായവളായിരുന്നു കിലുക്കാംപെട്ടി. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത പ്രശ്നങ്ങളാണ് അവളുടെ ജീവിതത്തിൽ നടന്നത്. ഒരു സ്ത്രീയും ഒരു ഭർത്താവിനോടും മകളോടും മകനോടും ചെയ്യാൻ പാടില്ലാത്ത കുറ്റമാണ് അവളുടെ അമ്മ അവരോട് ചെയ്തത്. ജീവിത തിമിർപ്പിന്റെ വലയത്തിൽ പെട്ടുപോയ അവളുടെ അമ്മ, മറ്റൊരു പുരുഷനോടൊപ്പം ജീവിതം തുടരാൻ ആഗ്രഹിച്ചു. ഒരു സുപ്രഭാതത്തിൽ അവളുടെ അമ്മ കാമുകനോടൊപ്പം ഒളിച്ചോടുകയും ചെയ്തു.

ജീവിതച്ചുഴിയുടെ നടുവിൽ അവളുടെ അച്ഛനും ചേട്ടനും ഒറ്റപ്പെട്ടുപോയി. ഒരു കുഞ്ഞ് മനസ്സിന് താങ്ങാൻ പറ്റുന്നതിനും അപ്പുറമായിരുന്നു. അതവളുടെ മാനസിക നില വരെ തെറ്റിച്ചു. അവളുടെ അച്ഛൻ, അവളെയും അവളുടെ ചേട്ടനെയും അവളുടെ അപ്പച്ചിയെ ഏൽപ്പിച്ചു നാടുവിട്ടുപോയി. സനാഥരാണെങ്കിലും അനാഥരായവർ.

അന്നുതൊട്ടാണ് ഗ്രാമവാസികൾക്ക് പ്രിയപ്പെട്ടവളായത്. ഗ്രാമവാസികൾ അവളെ ഒന്ന് നുള്ളിനോവിച്ചിട്ടുപോലുമില്ല. അവളിപ്പോൾ പഴയതിനെക്കാൾ സന്തോഷവതിയായാണ് ആ ഗ്രാമത്തിൽ ജീവിക്കുന്നത്. ●



കഥ




# ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം



വർഷ വി.കെ, 9 ബി

നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന ഒരു മഹാവിപത്തായിരിക്കുകയാണ് ലഹരിവസ്തുക്കൾ. അതുപയോഗിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയുമാണ്. നമ്മുടെ ഇളം തലമുറ നല്ലൊരു ശതമാനം ഇന്ന് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആഘാതപ്രത്യാഘാതങ്ങൾ എത്രമാത്രമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഭാവി നശിച്ച ഒരു തലമുറയായിരിക്കും നാളെയുടെ വാഗ്ദാനങ്ങൾ. ഓരോ വർഷവും അറുപത് ലക്ഷത്തിലേറെ ടൺ പുകയില ചുരുട്ടായും സിഗരറ്റായും ബീഡിയായും എരിഞ്ഞുതീരുന്നു എന്നാണ് കണക്ക്. എഴുപതു ശതമാനത്തിലേറെ സ്ത്രീകളും ഇന്നു പുകവലി ശീലമാക്കിയിട്ടുള്ളവരാണ്. എങ്ങനെയാണ് പുകവലി ആരോഗ്യം നശിപ്പിക്കുന്നത്. C10 H14 N2 എന്ന രാസഘടനയുള്ള 'നിക്കോട്ടിൻ' ആണ് സിഗരറ്റിലൂടെ മനുഷ്യനെ കാർന്നു തിന്നുന്നത്. ആദ്യം വായും പിന്നീട് ശ്വാസകോശവുമാണ് ഈ ഭയങ്കരൻ നശിപ്പിക്കുന്നത്. പ്രായപൂർത്തിയായ ഒരാളെ കൊല്ലാൻ 60 മി.ഗ്രാം നിക്കോട്ടിൻ ധാരാളമാണ് എന്നാണ് പഠനങ്ങൾ പറയുന്നത്. തുടർച്ചയായി 30 സിഗരറ്റ് വലിക്കുന്ന ഒരാൾ മരിക്കുമെന്നാണ്. നിക്കോട്ടിന് പുറമെ കാർബൺമോണോക്സൈഡ്, അസറ്റാൽ ഡിഹൈഡ് എന്നിവയും സിഗരറ്റിലുണ്ട്. അവയാണ് ഹൃദ്രോഗം, ക്യാൻസർ, ലിവർ സംബന്ധമായ തകരാറുകൾ എന്നിവയ്ക്ക് കാരണമായിത്തീരുന്നത്. മദ്യാസക്തിയാണ് മറ്റൊരു മഹാവിപത്ത്. കൂട്ടുകാരും പാരമ്പര്യവും കുടുംബവ്യവസ്ഥിതിയുമെല്ലാം ഇതിനുള്ള കാരണങ്ങളാണ്. പതിവായി അമിതമായ തോതിൽ മദ്യപിക്കുക വഴി മാനസികവും ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ തകർച്ചയുടെ ഉടമയായി മാറുന്ന ഒരു വ്യക്തിയാണ് മദ്യപാനി. തുടർന്ന് ഇതൊരു മനോരോഗമായി മാറുന്നു. ദുഃഖിതൻ, ദുഷ്ടൻ, ഭ്രാന്തൻ എന്നിങ്ങനെ മൂന്നു തരത്തിൽപ്പെടുന്ന മദ്യപന്മാരുണ്ട്. മദ്യം ഒരു പ്രചോദനവസ്തുവാണെന്ന തെറ്റിദ്ധാരണയിൽ നിന്നാണ് മദ്യപാനം പലരും ആരംഭിക്കുന്നതെങ്കിലും ക്രമേണ മദ്യപാനി മദ്യത്തിന്റെ അടിമയായി മാറുന്നു. നീരാളി എന്ന കടൽജീവിയുടെ പിടിയിലകപ്പെട്ടാൽ രക്ഷപ്പെടൽ അസാധ്യമാണ്. ലഹരിവസ്തുക്കൾക്കടിമപ്പെടുന്ന ഒരാളുടെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. ഇതിൽ നിന്നുള്ള മാനവരാശിയുടെ മോചനത്തിനാണ് മാധ്യമങ്ങളും സർക്കാരും മറ്റ് സന്നദ്ധസംഘടനകളും കിണഞ്ഞുശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ശ്രമം എന്നെങ്കിലും വിജയിച്ചാൽ നാം കൃതാർത്ഥരായി എന്നു പറയാം. ●

ലിൻസി രാജ് എസ്.ആർ.,
Std. X B

# ഉദാരത



സ്വന്തം സുഖതാത്പര്യങ്ങളെല്ലാം മതിവരുവോളം ആസ്വദിച്ചശേഷം മറ്റുള്ളവരെ സഹായിക്കാനോ സാമാശ്വസിപ്പിക്കാനോ സന്തോഷിപ്പിക്കാനോ നമുക്കൊരിക്കലും സാധിക്കുകയില്ല. സ്വാർത്ഥസുഖാന്വേഷണത്തിന്റെയും മോഹപൂർത്തീകരണ ത്വരയുടെയും പാതയിൽ അനേകർക്കു നാം കണ്ണീരു സമ്മാനിക്കുകയും ചെയ്യും. എടുക്കുന്തോറുമല്ല, കൊടുക്കുന്തോറുമാണു നമുക്ക് സംതൃപ്തി ഉണ്ടാകുന്നത്. സ്വത്തും സമയവും സുഖസൗകര്യങ്ങളും സഹജീവികളുമായി പങ്കുവയ്ക്കാൻ സന്നദ്ധരല്ല എന്നതാണ് ഇതിനു കാരണം. സ്നേഹിക്കാനും സന്തോഷിക്കാനും ഹൃദയം തുറന്നു ചിരിയ്ക്കാനും അവർക്കു കഴിയാതെ പോകുന്നു. സ്വാർത്ഥത്യാഗവും സ്നേഹോദാരമായ പങ്കുവയ്ക്കലുമാണ് നമ്മുടെ വ്യക്തിമാഹാത്മ്യം വെളിവാക്കുന്നത്. നമ്മുടെ ജീവിതം സംതൃപ്തമാകുന്നതും.

പങ്കുവയ്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് സ്നേഹമാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. പരസ്പരസ്നേഹം എവിടെ ഉണ്ടോ അവിടെ സഹകരണവും പങ്കുവയ്ക്കലും സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടായിരിക്കും. ●

# അത്യാഗ്രഹം ആപത്താണ്




ഉള്ളതുകൊണ്ട് തൃപ്തരാകുവാൻ നാം പരിശീലിക്കണം. അത്യാഗ്രഹിക്കു സംതൃപ്തി സദാ അകലെയായിരിക്കണം. എല്ലാ അത്യാഗ്രഹങ്ങളും വെടിയാൻ മഹാത്മാക്കൾ നമ്മെ ഉപദേശിക്കുന്നു. സുഖഭോഗങ്ങൾ കാമിച്ചു കഴിയുന്നവരാരും ഒരിക്കലും തൃപ്തരാകുന്നില്ല. "എല്ലാവിധ അത്യാഗ്രഹങ്ങളിൽ നിന്നും ഓടി അകലുവിൻ" എന്ന് യേശു പഠിപ്പിക്കുന്നു. മഹാത്മജി ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സത്യാഗ്രഹസമരത്തിന്റെ തേരു തെളിച്ചത് പാവപ്പെട്ട ഭാരതീയരോടു താദാത്മ്യപ്പെട്ടുകൊണ്ടാണ്. തനിക്ക് അവകാശപ്പെട്ട സമ്പത്തു മുഴുവൻ ഉപേക്ഷിക്കുകയും ധനാഢ്യനായ സ്വപിതാവിന് തന്റെ ഉടുവസ്ത്രം പോലും ഉരിഞ്ഞു നൽകുകയും ചെയ്തിട്ട്, ദരിദ്രരിൽ ദരിദ്രനായി ഇറങ്ങിത്തിരിച്ചു. അസീസിയിലെ വിശുദ്ധ ഫ്രാൻസീസ് എല്ലാ അത്യാഗ്രഹികൾക്കും മുമ്പിൽ ഒരു വെല്ലുവിളിയായി നിലകൊള്ളുന്ന മഹാനാണ്. സമ്പത്തുകൊണ്ടല്ല മനുഷ്യജീവിതം ധന്യമാകുന്നതെന്ന് യേശു പറഞ്ഞത് എത്ര വാസ്തവം ആണ്. ●



# ആന

സോജ എസ്.,
സ്റ്റാൻഡേർഡ് 5 എ

കറുകറുത്ത ആന
സുന്ദരൻ ആന
വെള്ള കൊമ്പും
വെള്ള നഖവും
ഉള്ളൊരാന
നാലു കാലുണ്ട്
നീണ്ട തുമ്പിക്കൈയും
ഒറ്റവാലൻ ആന
കറുകറുമ്പൻ ആന





## ശാസ്ത്രം എന്ത്? എങ്ങനെ?

# ദ്രാവകത്തിന്റെ ആകൃതിയെന്താണ്?

ദേവിക എം.ആർ., 10 ബി

ഒരു ദ്രാവകത്തിനു സ്വതവെ വല്ല ആകൃതിയുമുണ്ടോ? അതുൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയാണതിനുള്ളതെന്നാണ് നമ്മൾ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ അത് ശരിയാവണമെന്നില്ല. ദ്രാവകത്തിനു തനതായ ഒരാകൃതിയുണ്ട്. അത് എന്താണെന്നറിയണ്ടേ?

എല്ലാ വസ്തുക്കളെയും ഭൂമിയുടെ ആകർഷണബലം (ഗ്രാവിറ്റി) അഥവാ ഭൂഗുരുത്വം സ്വാധീനിക്കുന്നുണ്ടെന്ന് എല്ലാവർക്കുമറിയാമല്ലോ? അങ്ങനെയാണ് വസ്തുക്കൾക്ക് ഭാരം അനുഭവപ്പെടുന്നത്. സാധാരണഗതിയിൽ ഈ ഭൂഗുരുത്വബലത്തിന്റെ സ്വാധീനം മൂലമാണ് ദ്രാവകത്തിന് തനതായ ആകൃതി ആർജ്ജിക്കാൻ സാധിക്കാതെ പോകുന്നത്. എന്നാൽ ഖരവസ്തുക്കൾ അങ്ങനെയല്ലല്ലോ. ഒരു ദ്രാവകം നിലത്തുവീണാലോ ഒരു പാത്രത്തിലിരുന്നാലോ അതിന്റെ സ്വതവേയുള്ള ആകൃതി നഷ്ടപ്പെടുന്നത് അതുകൊണ്ടാണ്.

ദ്രാവകത്തിനു മാത്രമാണ് ഭൂഗുരുത്വം മൂലം ഇങ്ങനെ ആകൃതി നഷ്ടപ്പെടുന്നത്. ആർക്കമെഡീസിന്റെ തത്വമനുസരിച്ച് ഗുരുത്വബലം പ്രയോഗിക്കാൻ സാധിക്കാത്ത മറ്റൊരു ദ്രാവകത്തിൽ വച്ച് അതിന്റെ ഭാരം നഷ്ടപ്പെടുന്നു. ആ രീതിയിൽ ആ ദ്രാവകത്തിനു അതിന്റെ സ്വാഭാവികാകൃതി കൈക്കൊള്ളാൻ കഴിയുന്നു.

ചെറിയൊരു പരീക്ഷണം കൊണ്ട് ദ്രാവകത്തിന്റെ ആകൃതി മനസ്സിലാക്കാൻ നോക്കാം. ഒലിവെണ്ണ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു വസ്തുവാണല്ലോ എന്നാൽ സ്പിരിറ്റിൽ അത് താണുപോകുന്നു. അതുകൊണ്ട് വെള്ളവും സ്പിരിറ്റും കൂട്ടിക്കലർത്തിയ ഒരു മിശ്രിതം എടുക്കുക. എന്നിട്ട് അതിൽ വളരെ ശ്രദ്ധിച്ച് കുറച്ച് ഒലിവെണ്ണ ഒഴിക്കുക. പിന്നീട് അതിനെ വീക്ഷിക്കുക. എന്നാൽ ഒലിവെണ്ണ പൊങ്ങുകയോ താഴുകയോ ചെയ്യാതെ മിശ്രിതത്തിൽ ഒരു ഗോളമായി പ്രത്യക്ഷപ്പെട്ട് തങ്ങിനിൽക്കുന്നത് കാണാം! ഗോളത്തിന്റെ രൂപം ശരിക്കു കാണണമെങ്കിൽ സിലിണ്ടറാകൃതിയില്ലാത്ത ഒരു കണ്ണാടിപാത്രം ഉപയോഗിക്കണം. ഇങ്ങനെ ദ്രാവകത്തിനു സ്വാഭാവികമായ ഒരാകൃതിയുണ്ടെന്നും അതു ഗോളാകൃതിയാണെന്നും തെളിയുന്നു. പല തുള്ളികൾ ചേർന്നതാണല്ലോ ദ്രാവകം.

ഇതുപോലുള്ള ലളിതമായ പല പരീക്ഷണങ്ങളും നടത്തിയാണ് ബെൽജിയൻ ഭൗതിക ശാസ്ത്രജ്ഞനായ 'പ്ലാറ്റോ' ദ്രാവകത്തിന്റെ തനതുരൂപം ഗോളമാണെന്ന് ആദ്യമായി മനസ്സിലാക്കിയത്.



# പ്രകൃതി സംരക്ഷണവും മാലിന്യ സംസ്കരണവും





ഗായത്രി എം. ഷിബു, 8 എ

മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞാൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്നു കരുതുന്നത് തെറ്റായ ധാരണയാണ്. പതിയപ്പതിയെ മാത്രമേ കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനാകൂ.

ഓരോ വ്യക്തിയും ഉത്തരവാദിത്തം ഏറ്റെടുത്താൽ മാലിന്യസംസ്കരണം എളുപ്പവും പ്രകൃതിസൗഹൃദവുമാകും. ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും വേർതിരിച്ചു ജൈവമാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കുന്നതാണ് നല്ലത്. ജൈവമാലിന്യങ്ങൾ പ്രശ്നക്കാരല്ല. ഇവ നിശ്ചിത അളവിനപ്പുറം ഒരേ സ്ഥലത്തു കൂട്ടിയിടുമ്പോഴാണ് പകർച്ചവ്യാധികൾക്ക് കാരണമാകുന്നത്. പ്ലാസ്റ്റിക് ബാഗിൽ കെട്ടി വഴിയരികിൽ നിക്ഷേപിക്കുമ്പോഴും കോൺക്രീറ്റ് പോലുള്ള പ്രതലത്തിൽ നിക്ഷേപിക്കുമ്പോഴും ഇവ അപകടകാരികളാകുന്നു. എന്നാൽ ചെടികൾക്കു ചുറ്റുമോ മണ്ണിലോ നിക്ഷേപിക്കുമ്പോൾ മൈക്രോ കമ്പോസ്റ്റിംഗിലൂടെ ജൈവമാലിന്യം മണ്ണിനോടു ചേരുന്നു. ജൈവമാലിന്യങ്ങൾ ഇങ്ങനെ സംസ്കരിക്കുന്നതിലൂടെ സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനാകും. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങളിലാണു വിഷാംശമുള്ള രാസവസ്തുക്കളുള്ളത്. ഇവ കത്തിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നത് പരിസ്ഥിതിയെ വിഷലിപ്തമാക്കും. ഒപ്പം ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും. പാഴ്‌വസ്തുക്കൾ പെറുക്കുന്നവരെയും ആക്രിക്കച്ചവടക്കാരെയും നമ്മൾ അംഗീകരിക്കേണ്ട മാനസികാവസ്ഥ നമുക്കുണ്ടേകേണ്ടതുണ്ട്. നമ്മുടെ റോഡരികിൽ എന്തുകൊണ്ട് പ്ലാസ്റ്റിക്കും കുപ്പികളും അജൈവമാലിന്യങ്ങളും കൂടിക്കിടക്കുന്നില്ല എന്നതിന്റെ കാരണം ഈ കുപ്പി പെറുക്കുന്നവരാണ്. ഇവരാണു നിശ്ശബ്ദരായ പരിസ്ഥിതി സംരക്ഷകർ. ജൈവമാലിന്യങ്ങൾ സ്വയം സംസ്കരിക്കുന്നതിനൊപ്പം അജൈവ മാലിന്യങ്ങൾ കൂട്ടിവച്ച് അവ വൃത്തിയോടെ ആക്രിക്കച്ചവടക്കാർക്ക് നൽകണം. ഭക്ഷണാവശിഷ്ടങ്ങളില്ലാത്ത, ചെളി പുരളാത്ത രീതിയിലായിരിക്കണം പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും ആക്രിക്കച്ചവടക്കാർക്ക് നൽകേണ്ടത്. പാഴ്‌വസ്തുക്കൾ പെറുക്കുന്നവരാണെങ്കിലും അവരും മനുഷ്യരാണ്. ഇതോടെ നമ്മുടെ സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ ഏകദേശം 90 ശതമാനത്തോളം പരിഹരിക്കാനാകും. ഇതുവവി നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാനും കഴിയും.





# എന്റെ അമ്മ

വിജിത എസ്. വിജയൻ, IInd year MFS

അമ്മേ അമ്മേ നീ അറിയുന്നുവോ
എൻ മനസ്സിൽ നിറയും ഓർമ്മകൾ
അമ്മയോടൊത്തിരിക്കാൻ ആശിച്ചു ഞാൻ
അകലരുതേ എന്നെവിട്ട് പിരിയരുതേ
എന്നെ വിട്ടെങ്ങും പോകരുതേ...
അമ്മയില്ലെങ്കിൽ എൻ ജന്മം പൂർണ്ണമാകില്ല.
നിലാവിൽ തെളിയും അമ്മയുടെ രൂപം
കണ്ടു ഞാൻ എൻ ഹൃദയത്തിൽ വന്നു നിന്നു.
അമ്മയാണ് എന്റെ മനസ്സിലെ പൂക്കാലം
അലയുന്ന ഞാൻ ആ അമ്മയുടെ മധുരനാദത്തിനായി
എന്നും എന്നെ താങ്ങീടുന്ന എന്റെ അമ്മയേ
എന്നും എന്നും എനിയ്ക്ക് കൂട്ടായ് നീ മാത്രം.






# കടങ്കഥകൾ

ശില്പ എസ്.ആർ., 10 ബി

1. നിത്യവും കുളിക്കും ഞാൻ നിത്യവും മഞ്ഞളിൽ
   നീരാടും എന്നിട്ട് കറുത്ത് കാക്കയെപ്പോലെ?
   അമ്മിക്കല്ല്
2. വെള്ളത്തിൽ പിറന്ന് വെള്ളത്തിൽ വളർന്ന് വായുവിൽ
   പറന്നു? : കൊതുക്
3. ഉള്ളിൽ അറബിക്കടൽ അതിനു മേലെ വെള്ളിത്തകിട്ട്
   ചുറ്റിലും പൊന്തം പൊന്തം? : തേങ്ങ
4. കലഹത്തിൽ മുമ്പൻ പകയിൽ പിമ്പൻ?
   'ക' എന്ന അക്ഷരം
5. വെള്ളം കുടിയൻ വയറങ്ങ് പൊട്ടിയാൽ പിന്നെ
   താമസം ചേറിൽ? : മൺകുടം
6. മുറ്റത്തെ ചെപ്പിനടപ്പില്ല? : കിണർ
7. ഒരമ്മ പെറ്റതെല്ലാം വെള്ളപ്പട്ടാളം? : ചിതൽ
8. കുടിൽ തൊട്ട് കൊട്ടാരം വരെ പ്രവേശനം സ്വാതന്ത്ര്യം.
   കൂടിയാലും കുഴപ്പം കുറഞ്ഞാലും കുഴപ്പം : ഉപ്പ്






Collected by Shijimol Std X.B

1. Name the largest animal in the world.
   Blue Whale
2. What is the common name of larynx?
   Voice Box
3. What is the other name of root cap?
   Calyptra
4. Which food is the richest in calcium?
   Milk
5. When is world health day?
   April 7
6 Who first discovered cells?
   Robert Hooke
7. What is a sunshine vitamin?
   Vitamin D
8. Where is fat stored in our body?
   Adipose tissue
9. Which bird has no wings at all?
   Kiwi
10. Where is insulin secreted?
    Pancreas
11. What is the weight of adult human heart?
    220 -260 gm
12. What is the fat of whale called?
    Blubber
13. Which compound is called gun – cotton?
    Cellulose nitrate
14. Who discovered vitamins?
    Funk and F.G Hopkins
15. Which hormone contains iodine?
    Thyroxin
16. What is BOD?
    Biochemical oxygen Demand
17. What is the expansion of ATP?
    Adenosine tri-phosphate
18. Minamata disease is due to
    Mercury poisoning
19. What is Carborundum?
    Silicon Carbide
20. Which is the heaviest plant?
    Giant Sequia
21. Where is the thyroid gland located?
    At the back of neck –
22. Name the only animal that can not swim.
    Camel
23. Which animal has the highest blood pressure?
    Giraffe
24. What is the laughing gas?
    Nitrous oxide
25. What is ribof lavin?
    Vitamin B2
26. The deficiency of vitamin B1 causes.
    Beriberi
27. Which animal do not need vitamin C?
    Cat
28. Which vitamin prevents pellage?
    Niacin
29. What is ascorbic acid?
    Vitamin C
30. Who coined the word Vitamin?
    Casimir Funk
31. Who discovered penicillin?
    Alexander Fleming
32. Who invented Stethoscope?
    Laennec
33. Who first discovered viruses?
    Martinus willem Beijerinck
34. Who propounded the Atomic Theory?
    John Dalton

# പിന്നെയാവാം....



മുൻതഷിർ കരുളായി

വിഷം തിന്നു മടുത്തു
കൃഷി ചെയ്യണം,
പിന്നെയാവാം....

കൊഴുപ്പേറി വീർത്തു
പുലർച്ചെക്കെണീറ്റു നടക്കണം
പിന്നെയാവാം...

അകത്തൊതുങ്ങി മരവിച്ചു
അയൽക്കാരോട് കൂട്ടുകൂടണം
പിന്നെയാവാം....

സുഖിച്ചു മടുത്തു
വല്ലതും ത്യജിക്കണം
പിന്നെയാവാം....

മനസ്സ് നന്നാവണം
ക്ഷമിച്ചു പഠിക്കണം
പിന്നെയാവാം....

ഒടുവിൽ നാട്ടുകാർ പറഞ്ഞു
ഉടൻ വേണം
പിന്നെയാവാൻ പറ്റില്ല
വെച്ചിരുന്നാൽ നാറും.



സ്മൃതിയുടെ രേഖകൾ അവസാനിക്കുന്നില്ല.
പുലരിയുടെ മധുരിമയും പകലിന്റെ ശ്രുതിഭേദങ്ങളും സായാഹ്നങ്ങളുടെ ചാരുതയും
സന്ധ്യയുടെ ചൈതന്യവും ആവാഹിച്ചെടുത്ത
ഒരായിരം സ്വപ്നങ്ങളുടെ തിരക്കുപിടിച്ച ആവിഷ്ക്കാരം.

# നന്ദി

വാക്കിലും പ്രവൃത്തിയിലും പ്രാർത്ഥനയിലും
സ്മൃതി 2019 ന്റെ പൂർണ്ണതയ്ക്ക്
ഭാഗഭാക്കായ നല്ല മനസ്സുകൾക്ക്

സസ്നേഹം